(ഡി) അങ്ങനെയാണ് എല്ലാവരുടേയും അഭിലാഷമെങ്കിൽ ഗവണ്മെൻറ അതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്.

പ്രൈമറി ക്ലാസ്സുകൾക്കുള്ള ഗ്രാൻറ്

ക്വ. ൭. (ക്വ൪) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വിലോൺ-ൽ ലോവർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി തുടങ്ങിയ പ്രൈമറി ക്ലാസ്സുകൾക്ക് അതെ കൊല്ലം മുതൽ ഗ്രാൻറ് നൽകുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഗ്രാൻറ അനുവദിച്ചിട്ടുള്ളത് ;

(സി) ഏതേതു സ്കൂളുകൾക്കിതിനകം ഗ്രാൻറ കൊടുത്തിട്ടുണ്ട് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രാൻറ സ്കൂളുകളിലെ അഴിമതികൾ

ക്വ൯ വ. (ക്വന്വ) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാൻറ സ്കൂളുകളിലെ സ്ഥിരം ഒഴിവുകളിൽ ടെയിനിംഗ് കഴിക്കാത്തവരെ എക്സംപ്ഷൻ കൊടുത്തു നിയമിക്കുകയും, അവർ ശരാശരിയിലധികരായോ, സ്ത്രീകളാണെങ്കിൽ പ്രസവാവധിയിലോ മറ്റോ ലീവെടുത്തു കഴിഞ്ഞാൽ ആ ഒഴിവിൽ ടെയിനിംഗ് കഴിഞ്ഞവരെ നിയമിക്കുകയാണെങ്കിൽ, മുൻ നിയമിച്ചയാൾക്കു അവകാശമില്ലാത്തതാക്കി തീർക്കുന്ന പതിവു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മാനേജുമെൻറ സ്കൂളുകളിൽ നടത്തുന്ന അത്തരം അഴിമതികൾ നിറുത്തൽ ചെയ്യുവാൻ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇല്ല.

(ബി) ഉദ്യോഗസ്ഥൻമാർ ചൂണ്ടിക്കാണിച്ചാൽ വേണ്ട നടപടികൾ നടത്തുന്നതാണ്.

Short Notice Question Unstarred

വാട്ടർ ടാക്സ്

ക്വ൯. (ന) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ വിവരിക്കുന്ന വിവരങ്ങൾ ഇപ്പോൾമാത്രം മനസ്സിലായതുകൊണ്ട് ഈ Short notice question അയക്കുന്നതാണ്. ദയവായി മറുപടി തരുന്നതിനു അപേക്ഷ.—

(എ) ലിഫ്റ്റ് ഇറിഗേഷൻവഴി കൃഷിക്കു വെള്ളം കൊടുക്കുന്നതിനുള്ള വാട്ടർ ടാക്സ് കൂട്ടുവാൻ ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി.) ഉണ്ടെങ്കിൽ ഏക്കർ ഒന്നിനു എത്ര രൂകയാണ് പിരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്;

(സി) മുമ്പ് പിരിച്ചിരുന്നത് എത്രയാണ്;

(ഡി) ഇപ്പോൾ കൂട്ടുവാൻ പ്രത്യേകം കാരണം വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ്;

(ഇ) കൂടുതൽ റേറ് എന്നുമുതൽക്കാണ് പിരിക്കുന്നത്;

(എഫ്) റേറ് കൂട്ടുന്നതുകൊണ്ടു സാധുകർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നു ഗവണ്മെണ്ടു മനസ്സിലാക്കീട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) വെള്ളക്കരം കൂട്ടേണ്ട കാര്യം ഗവണ്മെണ്ടു ആലോചനയിൽ ഇരിക്കുന്നു.

(ബി) ഏക്കറിനു ൨൫ രൂ. വീതം

(സി) ഏക്കറിനു ൧൫ രൂ. വീതം.

(ഡി) ഗവണ്മെണ്ടിനു ഇപ്പോൾ നിലവിലിരിക്കുന്ന വെള്ളക്കരത്തിൻെറ ഇരട്ടിയിൽ കൂടുതൽ ഏക്കർ ഒന്നുക്കു ചിലവാകുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly